(ബി) മൂടാടി, കൊയിലാണ്ടി, ചേമഞ്ചേരി, ചേങ്ങോട്ടുകാവ് പഞ്ചായത്തുകളിൽ ജൈവ കൃഷിയിൽ തല്പരരായവരെ അംഗങ്ങളാക്കി ജൈവ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പച്ചക്കറിയിൽ ജൈവകൃഷി, ജൈവമാലിന്യം സംസ്കരണം, ഫലവൃക്ഷത്തൈ വിതരണം ഇവ ഉൾപ്പെടുത്തി നിറവ് പദ്ധതി തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്. പയ്യോളി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളും സമ്പൂർണ്ണ ജൈവ കാർഷിക വാർഡുകളാക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ പത്ത് ഹെക്ടർ പച്ചക്കറി കൃഷി പൂർണ്ണമായും ജൈവരീതി അവലംബിക്കുവാൻ തീരുമാനിച്ചു. കൂടാതെ ഇരുപത് ഹെക്ടർ നെൽകൃഷി, എട്ട് ഹെക്ടർ വാഴക്കൃഷി, 1425 ഹെക്ടർ തെങ്ങ് കൃഷി ഇവയെല്ലാം പൂർണ്ണമായും ജൈവരീതി അവലംബിക്കുവാൻ തീരുമാനിച്ചു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപനം മുതലായവയ്ക്കുള്ള സഹായങ്ങൾകൂടി മറ്റ് വകുപ്പുകളിൽനിന്നും കർഷകർക്ക് ലഭ്യമാക്കുവാൻ തീരുമാനിച്ചു. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവകൃഷി വ്യാപിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തിക്കോടി പഞ്ചായത്തിൽ തെങ്ങുകൃഷി ജൈവരീതിയിൽ അവലംബിക്കുന്നതിനായി പതിനഞ്ച് ലക്ഷം രൂപയും പച്ചക്കറി കൃഷിക്കായി മൂന്ന് ലക്ഷം രൂപയും വെറ്റില കൃഷിക്കായി ഒരു ലക്ഷം രൂപയും പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, കരുമുളക് കൃഷി വ്യാപനം, ടിഷ്യുകൾച്ചർ വാഴ വ്യാപനം, കേരകൃസ്തർ രൂപീകരണം ഇവയ്ക്കായി 76,66,000 രൂപയും നീക്കിവച്ചിട്ടുണ്ട്.

ജൈവ വളങ്ങളുടെ ഗുണനിലവാരം

95 (5444) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യപ്പെടുന്ന ജൈവ വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന ജൈവവളം ഇവിടെ ഉല്പാദിപ്പിക്കപ്പെടാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; അവ എന്തെല്ലാം എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നമ്മുടെ സംസ്ഥാനത്ത് ജൈവവളം ഇറക്കുമതി ചെയ്യപ്പെടുന്നില്ല.

(ബി) ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി സർക്കാർ നോട്ടിഫൈഡ് ലാബുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ 6 റീജിയണൽ സെന്ററുകളിൽ നിലവിലുണ്ട്. ഇതിന്റെ സതേൺ റീജിയണൽ സെന്റർ, കർണാടക സംസ്ഥാനത്തെ ബാംഗ്ലൂരിൽ സ്ഥിതി ചെയ്യുന്നു. പ്രസ്തുത ലാബിൽ പരിശോധനയ്ക്ക് അയച്ചാണ് കേരളത്തിൽ വിതരണം നടത്തുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നത്. ഇപ്രകാരം പരിശോധന നടത്തിയ ജൈവവളങ്ങളൊന്നും ഗുണനിലവാരമില്ലാത്തതായി തെളിഞ്ഞിട്ടില്ല.

കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളിലും ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുവരുന്നു. പട്ടാമ്പിയിൽ സംസ്ഥാന സർക്കാരിന്റെ ഒരു ജൈവവള പരിശോധനാ ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന് ആവശ്യമായ വരുന്ന ജൈവവളം ഇവിടെ ഉല്പാദിപ്പിക്കപ്പെടാൻ നിയമതടസ്സങ്ങൾ ഒന്നും തന്നെയില്ല.

കൃഷി വകുപ്പ് മുഖേന നെല്ല് സംഭരണം

96 (5445) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരിക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ, കഴിഞ്ഞ 5 വർഷം കൃഷി വകുപ്പ് സംഭരിച്ച നെല്ലിന്റെ അളവ് വർഷവും ജില്ലയും തിരിച്ചു വ്യക്തമാക്കുമോ ;

(ബി) നെൽകർഷകർക്ക് ഈ സർക്കാർ വന്നതിനുശേഷം പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന താങ്ങുവിലയനുസരിച്ച് കേരളത്തിൽ നെല്ലുസംഭരിക്കുന്നത് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ്. കഴിഞ്ഞ 5 വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന്റെ അളവ് വർഷവും ജില്ലയും തിരിച്ച് അനുബന്ധം -I-ൽ ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly